**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2458** **23-02-2026-ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ടുപയോഗിച്ചുള്ള വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

**മറുപടി:** കോട്ടയ്ക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ Structural drawings നെ അടിസ്ഥാനപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി കിഫ്ബിയിലും Technical Sanction Committee members-നും പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ചിരുന്നു.

പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ച് കിഫ്ബിയും സാങ്കേതിക കമ്മിറ്റിയും നൽകിയ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള തിരുത്തലുകൾ വരുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നഗരസഭയെയും നഗരസഭ നിയോഗിച്ച കൺസൾട്ടന്റിനെയും പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട് .

**(ബി)** പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

**മറുപടി:** പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടില്ല. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി മേല്പറഞ്ഞ നിർദ്ദേശങ്ങൾക്കനുസരിച്ച തിരുത്തലുകൾ വരുത്തിയ പുതുക്കിയ എസ്റ്റിമേറ്റ് നഗരസഭ നിയോഗിച്ച കൺസൾട്ടന്റ് പദ്ധതി നിർവ്വഹണ ഏജൻസിക്ക് നൽകേണ്ടതും ഇവ പദ്ധതി നിർവ്വഹണ ഏജൻസി പരിശോധിച്ച് കിഫ്ബിയിൽ സമർപ്പിക്കേണ്ടതുമുണ്ട്. ടി എസ്റ്റിമേറ്റ് പരിശോധിച്ച് കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തികാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭിച്ച ശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**